# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6381 03/04/2018 ൽ മറുപടിയ്ക്ക്

## സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികൾ

ചോദ്യം

ശ്രീ. എസ്. ശർമ്മ

ഉത്തരം

അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | 2016-17, 2017-18 വർഷങ്ങളിൽ സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികൾ എന്തൊക്കെയെന്നും ചെലവഴിച്ച തുകയെത്രയെന്നും വിശദമാക്കാമോ; | എ | എറണാകുളം ജില്ലയിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി 2016-17 വർഷത്തിൽ 3.4 ലക്ഷം വൃക്ഷത്തൈകളും, 2017-18 ൽ 3.25 ലക്ഷം വൃക്ഷത്തൈകളും ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇതിന് പുറമേ റോഡിന്റെ വശങ്ങളിലായും, സ്ഥാപനങ്ങളുടെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിലും, പുഴ തീരങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ എന്നിവരുടെ സഹായസഹകരണത്തോടുകൂടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. 10 ഇനം വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്ന കർഷകർക്ക് പ്രോൽസാഹന ധനസഹായം നൽകിയിട്ടുണ്ട്. നശിച്ചുകൊണ്ടിരിക്കുന്ന കണ്ടൽ കാടുകളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ടൽ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. തീരസംരക്ഷണത്തിന്റെ ഭാഗമായി 20000 ത്തോളം കാറ്റാടി തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകൾ സംരക്ഷിക്കുന്ന വ്യക്തികൾക്ക് പ്രോൽസാഹന ധനസഹായം നൽകിയിട്ടുണ്ട് പരിസ്ഥിതി പ്രാധാന്യമുള്ള ദിവസങ്ങളായ ലോകപരിസ്ഥിതി ദിനം, വന്യജീവിവാരം, ലോക ജലദിനം തുടങ്ങിയ ദിവസങ്ങളിൽ വിദ്യാർത്ഥികളേയും പൊതുജനങ്ങളേയും പങ്കെടുപ്പിച്ച് സെമിനാർ, എക്സിബിഷൻ എന്നിവ നടത്തിയിട്ടുണ്ട് പക്ഷി സംരക്ഷണത്തിന്റെ ഭാഗമായി ദേശാടന പക്ഷികൾ എത്തിച്ചേരുന്ന മാസങ്ങളിൽ അവിടെയുള്ള തദ്ദേശവാസികൾക്ക് ബോധവൽക്കരണ ക്ലാസ്സ് നടത്തുന്നുണ്ട് പക്ഷികളെ സംരക്ഷിക്കുന്നത് സംബന്ധിച്ച ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട് വിദ്യാ-ഭ്യാസ സ്ഥാപനങ്ങളിൽ ഔഷധത്തോട്ടം, നഗര വനവൽക്കരണത്തിന്റെ ഭാഗമായി റോഡ്സൈഡിലും മറ്റ് പ്രധാന സ്ഥലങ്ങളിലും വലിയ കണ്ടെയ്നറുകളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട് കോടനാട്, നെടുമ്പാശ്ശേരി ഭാഗങ്ങളിൽ വനവികാസ ഏജൻസികൾ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നുണ്ട് ബട്ടർഫ്ളൈ പാർക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയിട്ടുണ്ട് വൈപ്പിൻ മാലിപ്പുറത്ത് 2 ഏക്കർ വരുന്ന സ്ഥലത്ത് ഒരു കണ്ടൽ വിജ്ഞാന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട് കണ്ടൽ പ്രദേശങ്ങളിൽ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി നിരവധി പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകളും, നേച്ചർക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | 2017-18 വർഷം വെറ്റ്ലാന്റ് കൺസർവേഷൻ പദ്ധതിയുടെ ഭാഗമായി തീരപ്രദേശങ്ങളിൽ വസിക്കുന്നവർക്ക് നൽകുന്നതിനായി വിവിധ ഇനത്തിലുള്ള വൃക്ഷതൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട് 2018 ലോക പരിസ്ഥിതി ദിനത്തിൽ വിതരണം ചെയ്യുന്നതിനായി 3.75 ലക്ഷം വൃക്ഷതൈകൾ ഉൽപാദിപ്പിച്ചിട്ടുണ്ട് നാട്ടാന പരിപാലനചട്ടം നടപ്പാക്കിവരുന്നു. സോഷ്യൽ ഫോറസ്ട്രി നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് 2016-17 വർഷം 42.5 ലക്ഷം രൂപയും 2017-18 വർഷത്തിൽ 136 ലക്ഷം രൂപയും ചിലവഴച്ചിട്ടുണ്ട് |
| ബി | പ്രസ്തുത കാലയളവിൽ വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം പ്രവ[illegible]ൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | ബി | 2016-17 വർഷത്തിൽ വൈപ്പിൻ മണ്ഡലം ഉൾപ്പെടുന്ന വൈപ്പിൻ സോഷ്യൽ ഫോറസ്ട്രി ബ്ലോക്കിൽ 35,000 വൃക്ഷതൈകളും, 2017-18 വർഷം 39,000 വൃക്ഷതൈകളും വിതരണം ചെയ്തിട്ടുണ്ട് ഇതിനു പുറമേ മാലിപ്പുറം, ഞാറക്കൽ ഫിഷ് ഫാം പ്രദേശങ്ങളിൽ 3100 ക ണ്ടൽ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട് ചാപ്പ കടപ്പുറത്ത് തീരസംരക്ഷണ പദ്ധതി പ്രകാരം 20000 കാറ്റാടി തൈകളും 1300 പുന്നതൈകളും വച്ചുപിടിപ്പി ച്ചിട്ടുണ്ട് വഴിയോരത്തണൽ പദ്ധതിപ്രകാരം ഹെർബർട്ട് ബ്രിഡ്ജ് റോഡിൽ 50 തൈകളും, അണിയിൽ നെടുങ്ങാട് റോഡിൽ 80 തൈകളും, നെടുങ്ങാട് ബോട്ട്ജെട്ടി റോഡിൽ 130 തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട് 2016 ലെ ലോക പരിസ്ഥിതിദിനം, 2017 ൽ തീരവനം പദ്ധതി, മാലിപ്പുറം കണ്ടൽ വിജ്ഞാന കേന്ദ്രം എന്നിവ ഉൽഘാടനം നിർവ്വഹിച്ചത് ബഹു. വൈപ്പിൻ എം.എൽ.എ ശ്രീ. എസ്.ശർമ്മ അവർകളാണ്. വെറ്റ്ലാന്റ് |

| | | | |
|---|---|---|---|
| | | | കൺസർവേഷൻ പ്രൊജക്ടിന്റെ ഭാഗമായി 10 ബയോഗ്യാസ് പ്ലാന്റ്, വാട്ടർ ടാങ്ക്, 5 പേർക്ക് ഗ്യാസ് കണക്ഷൻ എന്നിവയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാലിപ്പുറം ഫിഷ് ഫാമിന് സമീപം 2 ഏക്കറോളം വരുന്ന കണ്ടൽ പ്രദേശത്ത് ഒരു കണ്ടൽ വിജ്ഞാന പഠന കേന്ദ്രം പെട്രോനെറ്റിന്റെ ധനസഹായത്തോടുകൂടി നിർമ്മിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കാ വേണ്ടി വൈപ്പിൻ മേഖലകളിൽ നടത്തിയിട്ടുണ്ട്. കണ്ടൽ പ്രദേശങ്ങളിലും ബീച്ചുകളിലും മാലിന്യനിർമ്മാർജ്ജന പ്രവർത്തനം വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടുകൂടി നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ